**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3182** **07-10-2025 - ൽ മറുപടിയ്ക്ക്**

**കായിക വകുപ്പ് വടകര മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. രമ** | | **ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരമേറ്റതുമുതൽ നാളിതുവരെ കായിക വകുപ്പുമുഖേന വടകര മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികളുടെയും പ്രവൃത്തികളുടെയും വിശദാംശം അറിയിക്കുമോ; | (എ) | ഈ സർക്കാർ അധികാരമേറ്റതു മുതൽ വടകര മണ്ഡലത്തിൽ കായിക വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതിയാണ് വടകര ഇൻഡോർ സ്റ്റേഡിയം നിർമ്മാണം. ഇതിന്റെ നിർമ്മാണ പ്രവൃത്തിക്കായി 05.05.2018 ലെ സ.ഉ. (സാധാ) നം.89/2018/ കാ.യു.വ പ്രകാരം 10 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത ഇൻഡോർ സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവൃത്തി 15.09.2022 ൽ പൂർത്തീകരിച്ചിട്ടുണ്ട്. വടകര നിയോജക മണ്ഡലത്തിലെ വടകര ഇൻഡോർ സ്റ്റേഡിയത്തിന്റെ രണ്ടാംഘട്ട നിർമ്മാണ പ്രവൃത്തിക്കായി 01.02.2024 ലെ സ.ഉ. (സാധാ) നം.30/2024/കാ.യു.വ പ്രകാരം 6.9 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. തുടർന്ന് പ്രസ്തുത പ്രവൃത്തി ടെൻഡർ ക്ഷണിക്കുകയും ഊരാലുങ്കൽ ലേബർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി കോഴിക്കോടുമായി 22.08.2025 ന് പ്രവൃത്തിയുടെ കരാറിലേർപ്പെട്ട് 03.09.2025ന് സൈറ്റ് ഹാന്റ് ഓവർ ചെയ്ത് പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 8 മാസത്തിനകം പ്രവൃത്തി പൂർത്തിയാക്കാൻ സാധിക്കുന്നതാണ്. |
| (ബി) | ഇക്കാലയളവിൽ വടകര നിയോജക മണ്ഡലത്തിൽ കായിക വകുപ്പുമുഖേന നടപ്പാക്കുന്നതിന് അനുമതി ലഭിച്ച ശേഷം നാളിതുവരെയായി നടപ്പാക്കാൻ കഴിയാതെ പോയതോ ആരംഭിച്ച ശേഷം പൂർത്തികരിച്ചിട്ടില്ലാത്തതോ ആയ പദ്ധതികളും പ്രവൃത്തികളും ഏതെല്ലാമാണെന്നുള്ള വിശദാംശം അറിയിക്കുമോ; | (ബി) | വടകര നിയോജക മണ്ഡലത്തിൽ കായിക വകുപ്പ് മുഖേന നടപ്പിലാക്കുന്നതിന് അനുമതി ലഭിച്ച ശേഷം നടപ്പിലാക്കാൻ കഴിയാത്ത പദ്ധതികളൊന്നും ഇല്ല. |
| (സി) | ഇവ ഓരോന്നിനുമായി നീക്കി വച്ചിട്ടുള്ള തുകകൾ എത്രവീതമാണെന്നുള്ള വിശദാംശം ലഭ്യമാക്കുമോ; | (സി) | ബാധകമല്ല |
| (ഡി) | ഇതിൽ കേന്ദ്രസർക്കാരിൽ നിന്ന് സാമ്പത്തിക സഹായം ലഭിച്ചിട്ടുള്ള പദ്ധതികളും പ്രവൃത്തികളും | (ഡി) | വടകര നിയോജക മണ്ഡലത്തിൽ കേന്ദ്ര സർക്കാരിൽ നിന്നുള്ള സാമ്പത്തിക |

| | | | |
|---|---|---|---|
| | ഏതൊക്കെയാണെന്നും ഇവ ഓരോന്നിനും നീക്കി വച്ചിട്ടുള്ള കേന്ദ്ര സംസ്ഥാന തദ്ദേശ സ്ഥാപന വിഹിതങ്ങൾ എത്രവീതമാണെന്നും വ്യക്തമാക്കുമോ; | | സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികളൊന്നും ഇല്ല. |
| (ഇ) | ഇക്കാലയളവിൽ വടകര മണ്ഡലത്തിനായി വകുപ്പുമുഖേന ചെലവാക്കിയ ആകെ തുക എത്ര രൂപയാണെന്ന വിവരം വർഷവും ഇനവും തിരിച്ച് ലഭ്യമാക്കുമോ? | (ഇ) | ഈ സർക്കാർ അധികാരമേറ്റതു മുതൽ വടകര മണ്ഡലത്തിൽ കായിക വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതിയാണ് വടകര ഇൻഡോർ സ്റ്റേഡിയം നിർമ്മാണം. ഇതിന്റെ നിർമ്മാണ പ്രവൃത്തിക്കായി 05.05.2018 ലെ സ.ഉ. (സാധാ) നം.89/2018/ കാ.യു.വ പ്രകാരം 10 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത ഇൻഡോർ സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവൃത്തി 15.09.2022 ൽ പൂർത്തീകരിച്ചിട്ടുണ്ട്. വടകര നിയോജക മണ്ഡലത്തിലെ വടകര ഇൻഡോർ സ്റ്റേഡിയത്തിന്റെ രണ്ടാംഘട്ട നിർമ്മാണ പ്രവൃത്തിക്കായി 01.02.2024 ലെ സ.ഉ. (സാധാ) നം.30/2024/കാ.യു.വ പ്രകാരം 6.9 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ